**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4427**

**25.10.2016 - ൽ മറുപടിക്ക്.**

## വ്യവസായ സ്ഥാപനങ്ങളിലെ സഞ്ചിത നഷ്ടം

| ചോദ്യം<br>ശ്രീ. എം. രാജഗോപാലൻ | മറുപടി<br>**ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി).** |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ എത്രയെണ്ണം നഷ്ടത്തിലാണെന്നും ഇവയുടെ സഞ്ചിത നഷ്ടം എത്രയെന്നും വ്യക്തമാക്കാമോ ; | (എ) : മുൻ സർക്കാരിന്റെ കാലത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 42 പൊതുമേഖല സ്ഥാപനങ്ങളിൽ 31 എണ്ണം നഷ്ടത്തിലായിരുന്നു. ഇവയുടെ സഞ്ചിത നഷ്ടം 1692.37 കോടി രൂപയാണ്. |
| (ബി) കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ കാലത്ത് ലാഭത്തിൽ ഉണ്ടായിരുന്നവയിൽ ഇപ്പോൾ നഷ്ടത്തിലുള്ള എത്ര വ്യവസായ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) : കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 23 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു. ഇവയിൽ 13 സ്ഥാപനങ്ങൾ 2015-16 വർഷം നഷ്ടത്തിലാണ് പ്രവർത്തിച്ചത്. |
| (സി) ഇവയുടെ നഷ്ടം നികത്തി ലാഭമാക്കി മാറ്റാനും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാനും പദ്ധതികൾ ഉണ്ടോ ; വ്യക്തമാക്കാമോ ? | (സി) : ഉണ്ട്.<br>ഈ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശകലനം ചെയ്ത് അവ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ റിയാബ് (പബ്ലിക് സെക്ടർ റീ സ്ട്രക്ചറിങ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ്)-ന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ഇതിനായി 42 സ്ഥാപനങ്ങളുടെയും അവലോകന യോഗങ്ങൾ നടന്നു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ.

കെ/24/10